**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 972** **10-06-2021 - ൽ മറുപടിയ്ക്ക്**

**റോഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | 2018, 2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്ന് തകർന്ന കോന്നി നിയോജക മണ്ഡലത്തിലെ പ്രമാടം, കോന്നി, വള്ളിക്കോട്, തണ്ണിതോട് പഞ്ചായത്തുകളിലെ ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ എന്നിവയും മണ്ണിടിച്ചിൽ ഉണ്ടായതിന്റെ ഫലമായി അപകടങ്ങൾ തുടരുന്ന അച്ചൻകോവിലാറിന്റെ ഇരുകരകളും പ്രളയാനന്തര പുനർ നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി പുനർനിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (എ) | കോന്നി നിയോജക മണ്ഡലത്തിലെ പ്രമാടം, കോന്നി, വള്ളിക്കോട്, തണ്ണിത്തോട് പഞ്ചായത്തുകളിലെ ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ എന്നിവയുടെ പ്രളയാനന്തര പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1) കോന്നി ഗ്രാമപഞ്ചായത്തിൽ 3 റോഡുകൾ പുനർ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചതിൽ 1 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 2) പ്രമാടം ഗ്രാമപഞ്ചായത്തിൽ 5 റോഡുകൾ പുനർ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചതിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 3) വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ 3 റോഡുകൾ പുനർ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചതിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 4) തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ 3 റോഡുകൾ പുനർ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചതിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. അച്ചൻകോവിലാറിന്റെ ഇരുകരകളും പ്രളയാനന്തര പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർ നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 1) വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ കൈപ്പട്ടൂർ പാലത്തിന് താഴെ വശത്തും കാവുംപാട്ട് ഭാഗത്തും അച്ചൻകോവിൽ ആറിന്റെ ഇടതുകര സംരക്ഷണം. 2) പ്രമാടം പഞ്ചായത്തിൽ കുമ്പഴ പാലത്തിന് സമീപവും സ്വാമിപ്പടി കടവിനു സമീപവും അച്ചൻ കോവിൽ ആറിന്റെ ഇടതുകര സംരക്ഷണം. 3) കോന്നി പഞ്ചായത്തിൽ ഐത്തലക്കടവ് മുതൽ മണ്ണാറത്തം കടവ് വരെ അച്ചൻകോവിൽ ആറിന്റെ ഇടതുകര സംരക്ഷണം. അതേ പഞ്ചായത്തിലെ ലീഗൽ മെട്രോളജി ഓഫീസിന് സമീപം അച്ചൻകോവിൽ ആറിന്റെ വലതുകര സംരക്ഷണം. |

സെക്ഷൻ ഓഫീസർ